പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1918 **26-10-2026-ൽ മറുപടിയ്ക്ക്**

ജി.എസ്.ടി. വകുപ്പിലെ ഡെപ്യൂട്ടി കമ്മിഷണറായ ശ്രീ. ബി. എൽ. ഷാജഹാനെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ജി.എസ്.ടി. വകുപ്പിലെ ഡെപ്യൂട്ടി കമ്മിഷണറായ ശ്രീ. ബി. എൽ. ഷാജഹാനെതിരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ നടന്നിട്ടുണ്ട്; വിശദമാക്കാമോ;

മറുപടി: ജി.എസ്.ടി. വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണറായ ശ്രീ. ബി.എൽ. ഷാജഹാനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 3 പ്രാഥമികാന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. ബി.എൽ ഷാജഹാൻ എറണാകുളം തൃപ്പൂണിത്തുറ സർക്കിൾ കൊമേഴ്സ്യൽ ടാക്സ് ഓഫീസർ ആയിരിക്കെ കൈക്കൂലി വാങ്ങിയതായ ആരോപണം സംബന്ധിച്ച് PE-81/2017/EKM നമ്പരായി ഒരു പ്രാഥമികാന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണത്തിൽ ടിയാനെതിരായ ആരോപണങ്ങൾ സാധൂകരിക്കുന്നതിനുള്ള തെളിവുകൾ ലഭ്യമാകാത്തതിനാൽ ടി വിഷയത്തിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്.

2. ജി.എസ്.ടി. വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണറായ ശ്രീ. ബി.എൽ. ഷാജഹാൻ അനധികൃത സ്വത്ത് സമ്പാദനം നടത്തിയതായ ആരോപണം സംബന്ധിച്ച് PE-38/2024/SCT നമ്പരായി ഒരു പ്രാഥമികാന്വേഷണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണം നടന്നു വരുന്നു.

3. ശ്രീ. ബി.എൽ. ഷാജഹാൻ ജി.എസ്.ടി വകുപ്പ് വയനാട് ജില്ലാ അസിസ്റ്റന്റ് കമ്മീഷണറായിരിക്കെ ബിനാമി പേരിൽ പണമിടപാടുകൾ നടത്തുന്നതായും വസ്തുവും വീടുകളും വാങ്ങിയതായുമുള്ള ആരോപണം സംബന്ധിച്ച് PE-5/2024/SIU-I നമ്പരായി ഒരു പ്രാഥമികാന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ ടിയാനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് നടന്നു വരുന്ന PE-38/2024/SCT നമ്പർ പ്രാഥമികാന്വേഷണത്തിൽ ഉൾപ്പെടുത്തുകയും PE-5/2024/SIU-I അന്വേഷണത്തിലെ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: PE-81/2017/EKM നമ്പരായി നടത്തിയ പ്രാഥമികാന്വേഷണത്തിൽ ആരോപണങ്ങൾ സാധൂകരിക്കുന്നതിനുള്ള തെളിവുകളൊന്നും ലഭ്യമായിട്ടില്ല. PE-38/2024/SCT നമ്പരായി രജിസ്റ്റർ ചെയ്ത പ്രാഥമികാന്വേഷണം പുരോഗമിച്ചു വരികയാണ്. PE-5/2024/SIU-I നമ്പരായി നടത്തിയ

അന്വേഷണത്തിലെ കണ്ടെത്തലുകൾ കൂടി ടിയാനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് നടന്നു വരുന്ന PE-38/2024/SCT നമ്പർ പ്രാഥമികാന്വേഷണത്തിൽ ഉൾപ്പെടുത്തി അന്വേഷിച്ചു വരുന്നു.

(സി) പ്രസ്തുത അന്വേഷണങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ;

മറുപടി: PE-81/2017/EKM, PE-5/2024/SIU-I അന്വേഷണങ്ങളിലെ നടപടികൾ അവസാനിപ്പിച്ചു. PE-38/2024/SCT നമ്പർ പ്രാഥമികാന്വേഷണം പുരോഗമിച്ചു വരുന്നു.

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിൽ നിലവിൽ സ്വീകരിച്ച നടപടികൾ എന്താണ്; നടപടികൾ സ്വീകരിച്ചില്ലങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

മറുപടി: PE-81/2017/EKM നമ്പരായി നടത്തിയ പ്രാഥമികാന്വേഷണത്തിൽ ആരോപണങ്ങൾ സാധുകരിക്കുന്നതിനുള്ള തെളിവുകളൊന്നും ലഭ്യമാകാത്തതിനാൽ ടി വിഷയത്തിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണ്. PE-5/2024/SIU-I നമ്പരായി നടത്തിയ പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തലുകൾ ടിയാനെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് നടന്നു വരുന്ന PE-38/2024/SCT നമ്പർ പ്രാഥമികാന്വേഷണത്തിൽ ഉൾപ്പെടുത്തുകയും PE-5/2024/SIU-I അന്വേഷണത്തിലെ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. PE-38/2024/SCT നമ്പർ പ്രാഥമികാന്വേഷണം പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ